## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1431** — 03-12-2018 -ൽ മറുപടിക്ക്

### പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ അൻവർ സാദത്ത്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. ഐക്യരാഷ്ട്രസഭയുടെ PDNA (Post Disaster Need Assessment) Report പ്രകാരം നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| ബി) | സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ കേരളത്തിലെ പ്രധാന നഗരങ്ങളിലെ വെള്ളപ്പൊക്ക സാധ്യതാ ഭൂപടത്തെ മുൻനിർത്തി മുൻകരുതൽ നടപടി സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ പ്രളയ സാധ്യതാ പ്രദേശങ്ങളുടെ ഭൂപടം ഉപയോഗിച്ച് മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. |
| സി) | വ്യക്തമായ ആസൂത്രണത്തിന്റേയും ഏകോപനത്തിന്റേയും അഭാവമാണ് ഓരോ മഴക്കെടുതിക്കാലത്തും സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ ദുരന്തം എന്ന വസ്തുത മനസ്സിലാക്കി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; | സി) | ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ നേരിടുന്നതിലേയ്ക്കായി കാലാവസ്ഥാ പ്രവചന / മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ സാധ്യത മേഖലകളുടെ ഭൂപടം തയ്യാറാക്കുന്നതിനും പാരിസ്ഥിതികമായി അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും വെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ കഴിയുന്ന വിധമുള്ള നിർമ്മാണ സാധ്യതകൾ നടപ്പിലാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | പുഴകളും നീർത്തടങ്ങളും വ്യാപകമായി കയ്യേറ്റം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ അതിശക്തമായ മഴ പെയ്യാലുള്ള ദുരന്തം | ഡി) | പുഴകളും പുഴ പുറമ്പോക്കുകളും കയ്യേറുന്നത് തടയുന്നതിനുള്ള നിർദ്ദേശം എല്ലാ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുള്ളതും |

| | | | |
|---|---|---|---|
| | ഭീകരമായിരിക്കുമെന്ന ദുരന്ത നിവാരണ വിദഗ്ധരുടെ മുന്നറിയിപ്പിന് അനുസൃതമായി നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | | അതിൻപ്രകാരം നടപടി സ്വീകരിച്ച് വരുന്നതുമാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയുന്നതിനും അനധികൃതമായി നികത്തിയ നെൽവയൽ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുമുള്ള നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ തലം മുതലുള്ള ഓഫീസർമാർ നടപടി സ്വീകരിച്ചു വരുന്നതും അനധികൃതമായി നെൽവയലോ തണ്ണീർത്തടമോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്താൽ നിലവിൽ ലഭിക്കാവുന്ന ശിക്ഷ വർദ്ധിപ്പിച്ച് കൊണ്ട് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ